# പതിനഞ്ചാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2024 ജൂലൈ 1, തിങ്കൾ

**നമ്പർ 143**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ അഞ്ചെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അനുമോദനം :

20-20 ക്രിക്കറ്റ് ലോകകപ്പ് കിരീടം നേടിയ ഇന്ത്യൻ ക്രിക്കറ്റ് ടീമിനെ അനുമോദിച്ചുകൊണ്ട് സ്പീക്കർ പരാമർശം നടത്തി.

നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം :

ഔദ്യോഗിക ജീവിതത്തിലെ സമ്മർദ്ദങ്ങളും ജോലിഭാരവും നിമിത്തം പാറശ്ശാല സ്വദേശി മദനകുമാർ ഉൾപ്പെടെ നിരവധി പോലീസ് ഉദ്യോഗസ്ഥർ ആത്മഹത്യ ചെയ്തതായി പറയപ്പെടുന്ന സാഹചര്യം നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. പി. സി. വിഷ്ണുനാഥും മറ്റ് അഞ്ച് അംഗങ്ങളും നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് നോട്ടീസ് നല്കിയിരുന്നു. മുഖ്യമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ ഉപക്ഷേപത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.

ശ്രദ്ധ ക്ഷണിക്കൽ :

1. സംസ്ഥാനത്തെ നെൽകൃഷി മേഖല നേരിടുന്നതായി പറയപ്പെടുന്ന പ്രതിസന്ധി പരിഹരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. മുരളി പെരുനെല്ലി കൃഷി വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി.
2. സംസ്ഥാനത്തെ തീരദേശ പഞ്ചായത്തുകളുടെ വികസന ആവശ്യങ്ങൾകൂടി പരിഗണിച്ച് തീരദേശ പരിപാലന പ്ലാനിൽ സമഗ്രമായ മാറ്റം വരുത്തേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. രമേശ് ചെന്നിത്തല മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മുഖ്യമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി.

KNPP. 814/2024 (i)

<u>ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ</u>:

ചട്ടം 304 പ്രകാരം താഴെ പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | ശ്രീ. കടകംപള്ളി സുരേന്ദ്രൻ | ചെമ്പഴന്തി അഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണ സംഘത്തിലെ നിക്ഷേപകൻ ആത്മഹത്യ ചെയ്ത സംഭവം | തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി |
| 2 | ഡോ. മാത്യു കുഴൽ നാടൻ | സഹകരണ വകുപ്പിൽ ഓൺലൈൻ ട്രാൻസ്ഫർ നടപ്പിലാക്കുന്നതിന് നടപടി | തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി |
| 3 | ശ്രീ. വി. കെ. പ്രശാന്ത് | സർക്കാർ മേഖലയിൽ ഡയാലിസിസ് സംവിധാനം വിപുലമാക്കുന്നതിന് നടപടി | ആരോഗ്യ, വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 4 | ശ്രീ. സനീഷ്കുമാർ ജോസഫ് | ചാലക്കുടി റവന്യൂ ടവർ നിർമ്മാണം | ധനകാര്യ വകുപ്പുമന്ത്രി |
| 5 | ശ്രീ. രമേശ് ചെന്നിത്തല | ആറാട്ടുപുഴ, തൃക്കുന്നപ്പുഴ പ്രദേശങ്ങളിലെ കടലാക്രമണം തടയുന്നതിന് നടപടി | ജലവിഭവ വകുപ്പുമന്ത്രി |
| 6 | ശ്രീമതി ഒ. എസ്. അംബിക | വാമനപുരം പുഴയിലെ ജലവിതരണ പദ്ധതികൾക്ക് ജലലഭ്യത | ജലവിഭവ വകുപ്പുമന്ത്രി |
| 7 | ശ്രീ. സി. കെ. ഹരീന്ദ്രൻ | കൈത്തറി സംഘങ്ങൾക്കുള്ള നൂൽ വിതരണത്തിലെ ക്ഷാമം | നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി |
| 8 | ശ്രീ. എ. രാജ | ദേവികുളത്ത് ഭൂരഹിത ഭവന രഹിതരായ അപേക്ഷകർക്ക് ലൈഫ് ഫ്ലാറ്റ് സമുച്ചയം അനുവദിക്കുന്നതിന് നടപടി | തദ്ദേശ സ്വയംഭരണ-എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രി |

| (1) | (2) | (3) | (4) |
|---|---|---|---|
| 9 | ശ്രീ. ഇ. കെ. വിജയൻ | ചിറ്റാരി-കണ്ടിവത്തുക്കൾ റോഡ് നിർമ്മാണം | പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ വകുപ്പുമന്ത്രി |
| 10 | ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | വേങ്ങേരി, കോട്ടൂളി, പാച്ചാക്കിൽ പ്രദേശങ്ങളിലെ വെള്ളക്കെട്ടും യാത്രാദുരിതവും പരിഹരിക്കുന്നതിന് നടപടി | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട മന്ത്രിമാർ പ്രസ്താവന നടത്തി.

ധനകാര്യം :

2024-25 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

മൃഗസംരക്ഷണം എന്ന XXXI- ാം നമ്പർ ധനാഭ്യർത്ഥന, ക്ഷീരവികസനം എന്ന XXXII - ാം നമ്പർ ധനാഭ്യർത്ഥന എന്നിവയുടെ നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 7- ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുക അനുവദിക്കണമെന്ന പ്രമേയം മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി ശ്രീമതി ജെ. ചിഞ്ചുറാണിയും, വനം എന്ന XXXIV- ാം നമ്പർ ധനാഭ്യർത്ഥനയുടെ നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 7- ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുക അനുവദിക്കണമെന്ന പ്രമേയം വനം-വന്യജീവി വകുപ്പുമന്ത്രി ശ്രീ. എ. കെ. ശശീന്ദ്രനും അവതരിപ്പിച്ചു.

പ്രസ്തുത ധനാഭ്യർത്ഥനകളെ സംബന്ധിച്ച് ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവനകൾ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ മേശപ്പുറത്തുവച്ചു.

XXXI- ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 2, 3, 7, 8, 11, 12, 14, 15, 16, 18, 19, 20, 23, 25, 26, 28, 29, 32, 36, 37, 38, 39, 41, 42, 43, 44, 45, 48, 49, 50 എന്നീ ഖണ്ഡനോപക്ഷേപങ്ങളും, XXXII - ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 2, 3, 5, 8, 9, 11, 12, 15, 16, 18, 20, 21, 23, 24, 26, 27, 30, 31, 34, 36, 37, 39, 40, 41, 42, 43, 44, 45,

47, 49, 50, 52 എന്നീ ഖണ്ഡനോപക്ഷേപങ്ങളും, XXXIV- ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 3, 4, 9, 10, 11, 13, 15, 16, 17, 19, 20, 21, 22, 23, 24, 25, 26, 29, 30, 32, 33, 35, 37, 40, 42, 43, 45, 46 എന്നീ ഖണ്ഡനോപക്ഷേപങ്ങളും അവതരിപ്പിച്ചു.

താഴെ പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. സി. കെ. ഹരീന്ദ്രൻ

ശ്രീ. സണ്ണി ജോസഫ്

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. കുറുക്കോളി മൊയ്തീൻ

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

ശ്രീ. അനൂപ് ജേക്കബ്

ശ്രീ. ലിന്റോ ജോസഫ്

ശ്രീ. എ. രാജ

ശ്രീ. ജി. സ്റ്റീഫൻ

ശ്രീ. സജീവ് ജോസഫ്

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

ശ്രീ. കെ. ബാബു (*നെന്മാറ*)

ശ്രീ. കെ. പി. മോഹനൻ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. വാഴൂർ സോമൻ

ശ്രീ. എം. രാജഗോപാലൻ

ശ്രീ. റോജി എം. ജോൺ.

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി ശ്രീമതി ജെ. ചിഞ്ചുറാണിയും, വനം-വന്യജീവി വകുപ്പുമന്ത്രി ശ്രീ. എ. കെ. ശശീന്ദ്രനും മറുപടി നൽകി. അവതരിപ്പിച്ചിരുന്ന ഖണ്ഡനോപക്ഷേപങ്ങൾ സഭ തള്ളി. തുടർന്ന് ധനാഭ്യർത്ഥനകൾ XXXI, XXXII, XXXIV എന്നിവ വോട്ടിനിട്ട് പാസ്സാക്കി.

നിയമനിർമ്മാണകാര്യം :

2024 -ലെ കേരള നികുതി വസൂലാക്കൽ (ഭേദഗതി) ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപവും:

റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി ശ്രീ. കെ. രാജൻ 2024 -ലെ കേരള നികുതി വസൂലാക്കാൽ (ഭേദഗതി) ബിൽ അവതരിപ്പിക്കുകയും പ്രസ്തുത ബിൽ സബ്ജക്ട് കമ്മിറ്റി II - ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുകയും ചെയ്തു. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ 2024-ലെ കേരള നികുതി വസൂലാക്കാൽ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതിയും, ശ്രീ. എൻ. കെ. അക്ബർ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതിയും അവതരിപ്പിച്ച് സംസാരിച്ചു.

റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രിയുടെ മറുപടിക്കുശേഷം ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതിയും ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതിയും സഭയുടെ അനുമതിയോടെ പിൻവലിച്ചു. തുടർന്ന് 2024 - ലെ കേരള നികുതി വസൂലാക്കാൽ (ഭേദഗതി) ബിൽ സബ്ജക്ട് കമ്മിറ്റി II -ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപം പാസ്സാക്കുകയും ബിൽ സബ്ജക്ട് കമ്മിറ്റി II -ന്റെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

2024 ജൂലൈ 2- ാം തീയതി, ചൊവ്വാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 4.34 -ന് സഭ പിരിഞ്ഞു.

ഡോ. എൻ. കൃഷ്ണ കുമാർ,

*സെക്രട്ടറി.*

## FIFTEENTH KERALA LEGISLATIVE ASSEMBLY

Eleventh Session

# BULLETIN—PART I

(Brief Record of Proceedings)

*Monday, July 1, 2024*

**[English Version]**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions:*

Five Questions in the list of Questions posted for the day were answered orally.

*Felicitation:*

The Speaker made a reference felicitating the Indian Cricket Team for winning the 20-20 Cricket World Cup title.

*Adjournment Motion:*

After hearing the Chief Minister, the Speaker withheld consent to the moving of an adjournment motion given notice of by Shri P. C. Vishnunadh and five other Members regarding the situation reported to have arisen consequent to the alleged suicide of the several police officers, including Madanakumar at Parassala, due to the pressures of official life and heavy workload.

In protest against the attitude of the Government in the matter, Members belonging to the opposition staged a walkout.

*Calling Attention :*

1. Shri Murali Perunelli called the attention of the Minister for Agriculture the necessity to resolve the crisis reported to have faced by the paddy cultivation sector in the State. The Minister made a statement thereto.

2. Shri Ramesh Chennithala called the attention of the Chief Minister to the necessity to make comprehensive changes in the Coastal Management Plan considering also the development needs of the Coastal Panchayats in the State. The Minister made a statement thereto.

*The Matters under Rule 304:*

The matters raised in the House by the Members under Rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | ശ്രീ. കടകംപള്ളി സുരേന്ദ്രൻ | ചെമ്പഴന്തി അഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണ സംഘത്തിലെ നിക്ഷേപകൻ ആത്മഹത്യ ചെയ്ത സംഭവം | തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി |
| 2 | ഡോ. മാത്യു കുഴൽ നാടൻ | സഹകരണ വകുപ്പിൽ ഓൺലൈൻ ട്രാൻസ്ഫർ നടപ്പിലാക്കുന്നതിന് നടപടി | തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി |
| 3 | ശ്രീ. വി. കെ. പ്രശാന്ത് | സർക്കാർ മേഖലയിൽ ഡയാലിസിസ് സംവിധാനം വിപുലമാക്കുന്നതിന് നടപടി | ആരോഗ്യ, വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 4 | ശ്രീ. സനീഷ്കുമാർ ജോസഫ് | ചാലക്കുടി റവന്യൂ ടവർ നിർമ്മാണം | ധനകാര്യ വകുപ്പുമന്ത്രി |
| 5 | ശ്രീ. രമേശ് ചെന്നിത്തല | ആറാട്ടുപുഴ, തൃക്കുന്നപ്പുഴ പ്രദേശങ്ങളിലെ കടലാക്രമണം തടയുന്നതിന് നടപടി | ജലവിഭവ വകുപ്പുമന്ത്രി |
| 6 | ശ്രീമതി ഒ. എസ്. അംബിക | വാമനപുരം പുഴയിലെ ജലവിതരണ പദ്ധതികൾക്ക് ജലലഭ്യത | ജലവിഭവ വകുപ്പുമന്ത്രി |

| (1) | (2) | (3) | (4) |
|---|---|---|---|
| 7 | ശ്രീ. സി. കെ. ഹരീന്ദ്രൻ | കൈത്തറി സംഘങ്ങൾക്കുള്ള നൂൽ വിതരണത്തിലെ ക്ഷാമം | നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി |
| 8 | ശ്രീ. എ. രാജ | ദേവികുളത്ത് ഭൂരഹിത ഭവന രഹിതരായ അപേക്ഷകർക്ക് ലൈഫ് ഫ്ലാറ്റ് സമുച്ചയം അനുവദിക്കുന്നതിന് നടപടി | തദ്ദേശ സ്വയംഭരണ-എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രി |
| 9 | ശ്രീ. ഇ. കെ. വിജയൻ | ചിറ്റാരി-കണ്ടിവത്തുക്കൾ റോഡ് നിർമ്മാണം | പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ വകുപ്പുമന്ത്രി |
| 10 | ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | വേങ്ങേരി, കോട്ടൂളി, പാച്ചാക്കിൽ പ്രദേശങ്ങളിലെ വെള്ളക്കെട്ടും യാത്രാദുരിതവും പരിഹരിക്കുന്നതിന് നടപടി | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Financial Business :*

Discussion and Voting on Demands for Grants in the Budget for the financial year 2024-25

Smt. J. Chinchurani, Minister for Animal Husbandry and Dairy Development moved Demand No. XXXI – Animal Husbandry and Demand No. XXXII – Dairy and Shri A. K. Saseendran, Minister for Forest and Wildlife moved Demand No. XXXIV – Forest for the amounts shown respectively against them under column No. 7 in the list of Demands for Grants.

Shri K. N. Balagopal, Minister for Finance laid on the table statements under Rule 236 (3) relating to Demand Nos. XXXI, XXXII and XXXIV.

The cut motion Nos. 2, 3, 7, 8, 11, 12, 14, 15, 16, 18, 19, 20, 23, 25, 26, 28, 29, 32, 36, 37, 38, 39, 41, 42, 43, 44, 45, 48, 49, 50 in the list of cut motions for Demand No. XXXI, cut motion Nos. 2, 3, 5, 8, 9, 11, 12, 15, 16, 18, 20, 21, 23, 24, 26, 27, 30, 31, 34, 36, 37, 39, 40, 41, 42, 43, 44, 45, 47, 49, 50, 52 in the list of cut motions for Demand No. XXXII and cut motion Nos. 1, 3, 4, 9, 10, 11, 13, 15, 16, 17, 19, 20, 21, 22, 23, 24, 25, 26, 29, 30, 32, 33, 35, 37, 40, 42, 43, 45, 46 in the list of cut motions for Demand No. XXXIV were moved.

The following members took part in the discussion:

Shri C. K. Hareendran

Shri Sunny Joseph

Shri E. K. Vijayan

Shri Kurukkoli Moideen

Shri Sebastian Kulathunkal

Shri Anoop Jacob

Shri Linto Joseph

Shri A. Raja

Shri G. Steephen

Shri Sajeev Joseph

Shri Xavier Chittilappilly

Shri K. Babu (*Nenmara*)

Shri K. P. Mohanan

Shri N. Samsudheen

Shri Vazhoor Soman

Shri M. Rajagopalan

Shri Roji M. John

Smt. J. Chinchurani, Minister for Animal Husbandry and Dairy Development and Shri A. K. Saseendran, Minister for Forest and Wildlife replied to the points raised during the discussion. The cut motions were declared lost. Then the Demand Nos. XXXI, XXXII and XXXIV were put to vote and passed.

*Legislative Business :*

Introduction and Motion for reference to Subject Comittee of the Kerala Revenue Recovery (Amendment) Bill, 2024

Shri K. Rajan, Minister for Revenue and Housing introduced the Kerala Revenue Recovery (Amendment) Bill, 2024 and moved that the Bill be referred to Subject Committee II. Then Prof. Abid Hussain Thangal moved an amendment to circulate the Kerala Revenue Recovery (Amendment) Bill, 2024 for eliciting public opinion and Shri N. K. Akbar moved another amendment for referring the Bill to a Select Committee and spoke.

After the reply by Minister for Revenue and Housing, the amendments to circulate the Bill for eliciting public opinion and the amendment for referring the Bill to a Select Committee were withdrawn by the leave of the House. Then the Motion was adopted and the Bill was referred to Subject Committee II.

The House adjourned at 4.34 p.m. to meet again at 9.00 a.m. on Tuesday, July 2, 2024.

DR. N. KRISHNA KUMAR,
*Secretary.*